കേരളസർവകലാശാല

നം.പി.ആർ.264/2021

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2021
## ഡിസംബർ 20 ന് കേരളസർവകലാശാല പാളയം സെനറ്റ് ഹാളിലും ഡിസംബർ 21 ന് കൊല്ലം എസ്.എൻ. കോളേജിലും സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകൾക്കായി ഡിസംബർ 20 ന് കേരളസർവകലാശാല പാളയം സെനറ്റ് ഹാളിലും കൊല്ലം, ആലപ്പുഴ മേഖലയിലുള്ള കോളേജുകൾക്കായി ഡിസംബർ 21 ന് എസ്.എൻ.കോളേജ് കൊല്ലത്തും വച്ച് നടത്തുന്നതാണ്.

വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം മേൽ പറയുന്ന സെന്ററിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer, SC-ST, EWS) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇത് വരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കരുതണം.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ബി.ടെക്. അഞ്ചാം സെമസ്റ്റർ ഫെബ്രുവരി 2021 (2013 സ്കീം) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് ലാബ് പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 20 ന് രാവിലെ മോഹൻദാസ് എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ബി.ടെക്. അഞ്ചാം സെമസ്റ്റർ ഫെബ്രുവരി 2021 (2013 സ്കീം) മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് തുടങ്ങിയ ബ്രാഞ്ചുകളിലെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 20, 21 തീയതികളിൽ തെരഞ്ഞെടുത്ത പരീക്ഷ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവ വോസി

കേരളസർവകലാശാല 2021 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2009 സ്കീം, മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയുടെ വൈവ വോസി 2021 ഡിസംബർ 21 ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. ഹാൾടിക്കറ്റ് കൈപ്പറ്റിയിട്ടില്ലാത്ത വിദ്യാർത്ഥികൾ പാളയം സർവകലാശാല ഓഫീസിലെ ഇ.ജി.X (പത്ത്) സെക്ഷനിൽ നിന്നും കൈപ്പറ്റേണ്ടതാണ്. വിശദവിവങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ രണ്ടാം വർഷ എം.എ. മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ – 2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ വൈവ വോസി 2021 ഡിസംബർ 21 ന് രാവിലെ 11 മണിക്ക് കേരളസർവകലാശാലയുടെ പാളയം ഓഫീസിൽ വച്ച് നടത്തുന്നതാണ്.

## എം.ഫിൽ. ഫെല്ലോഷിപ്പ് 2020–21 – സാധ്യതാ ലിസ്റ്റ്

കേരളസർവകലാശാല 2020–21 വർഷത്തിൽ എം.ഫിൽ. ഫെല്ലോഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യതാ ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള പരാതികളുള്ളവർ 2021 ഡിസംബർ 27 നുള്ളിൽ വിഭാഗം മേധാവി മുഖാന്തിരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. ഡിസംബർ 27 ന് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

## പുതുക്കിയ പരീക്ഷാ സമയക്രമം

കേരളസർവകലാശാലയുടെ എസ്.ഡി.ഇ. ബി.എ./ബി.എസ്സി./ബി.കോം./ബി.സി.എ./ബി.ബി.എ./ബി.എസ്സി. കമ്പ്യൂട്ടർസയൻസ്/ബി.എസ്സി. മാത്തമാറ്റിക്സ് മൂന്ന്, നാല് സെമസ്റ്റർ നവംബർ 2021 പരീക്ഷകൾ ഡിസംബർ 20 മുതൽ ആരംഭിക്കുന്നതാണ്. 20 – ാം തീയതിയിലെ പരീക്ഷാസമയത്തിൽ മാറ്റമില്ല. 22 – ാം തീയതി മുതലുള്ള എല്ലാ പരീക്ഷകളുടെയും സമയം രാവിലെ 9.30 മുതൽ 12.30 വരെ മാറ്റി നിശ്ചയിച്ചിരിക്കുന്നു. പരീക്ഷാത്തീയതികളിൽ മാറ്റമില്ല.

## സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് – സീറ്റൊഴിവ്

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കോഴ്സ് കാലാവധി: 4 മാസം, ക്ലാസുകൾ: കാര്യവട്ടം ക്യാമ്പസിൽ, കോഴ്സ് ഫീസ്: 5000/– രൂപ, അപേക്ഷാഫീസ്: 100 രൂപ, അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31. ഉയർന്ന പ്രായപരിധി ഇല്ല. താൽപ്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം പി.എം.ജി. ജംഗ്ഷൻ, സ്റ്റുഡൻസ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 – 2302523

തിരുവനന്തപുരം,
18.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675** |